

“ ആത്മനിർഭർ ഭാരത് ഇന്ന്
130 കോടി ഭാരതീയരുടെ മനസിലെ
ഒരു മന്ത്രമായി മാറിക്കഴിഞ്ഞു. ”

**നരേന്ദ്ര മോദി**
പ്രധാനമന്ത്രി

ഭാരത സർക്കാർ

ഭാരത സർക്കാർ



# വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ നേട്ടങ്ങൾ

ഡിസംബർ 2020

വാണിജ്യ-വ്യവസായ മന്ത്രാലയം



# കോവിഡ് -19 കാലത്ത് കയറ്റുമതിക്കാർക്കും, MSME കൾക്കും ആശ്വാസം



**കയറ്റുമതി ലൈസൻസ് അപേക്ഷ** പൂരിപ്പിക്കുന്നതിന് പുതുക്കിയ പ്രക്രിയ

ഉള്ളി, കശുവണ്ടി, പാം ഓയിൽ മുതലായ പെട്ടെന്ന് വിലകളിൽ മാറ്റമുണ്ടാകുന്ന ഐറ്റങ്ങളുടെ കയറ്റുമതിയും, ഇറക്കുമതിയു സമയാസമയങ്ങളിൽ **നിയന്ത്രിക്കുന്നതിന് നടപടികൾ**

**കോവിഡ്–19 ഹെൽപ്ഡെസ്ക്ക്**

**വിദേശ വാണിജ്യ നയം** 2021 മാർച്ച് 31 വരെ നീട്ടി

**മുൻകൂർ അധികാരപ്പെടുത്തലിന്റെ സാധുത** 6 മാസം കൂടി നീട്ടി



**കയറ്റുമതി കരാർ കാലാവധി** 6 മാസം കൂടി നീട്ടി

**₹ 3 ലക്ഷം കോടി**യുടെ വ്യവസ്ഥയുള്ള എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS), MSMEകൾക്ക് 100% ക്രെഡിറ്റ് ഗ്യാരണ്ടിയും, ജാമ്യമില്ലാത്ത ഓട്ടോമാറ്റിക് ലോണുകളും നൽകുന്നു

MSME കളിൽ ഇക്വിറ്റി ഇൻഫ്യൂഷന് വേണ്ടിയുള്ള ഫണ്ടുകളുടെ ഫണ്ടും, ഇളവുകളുള്ള വായ്പ മുഖേന കർഷകർക്ക് അധിക സഹായവും

വഴിയോര കച്ചവടക്കാർക്ക് വായ്പാ സൗകര്യം (PM SVANidhi)

# ആത്മനിർഭർ ഭാരത്: പ്രതിസന്ധിയെ അവസരമാക്കി മാറ്റുന്നു





**57,600** വെന്റിലേറ്ററുകൾ വെറും മൂന്ന് മാസങ്ങൾക്കുള്ളിൽ നിർമ്മിച്ചു, കോവിഡിന് മുൻപ് പ്രാദേശികമായി ഒരു വെന്റിലേറ്റർ പോലും നിർമ്മിച്ചിരുന്നില്ല

---

**4** ഇരട്ടി വർദ്ധനവ് സാനിറ്റൈസർ നിർമ്മാണത്തിൽ, **200** ഡിസ്റ്റിലറികൾക്കും, **1,000** നിർമ്മാതാക്കൾക്കുമൊപ്പം

---

**5** ലക്ഷം PPE പ്രതിദിനം നിർമ്മിക്കുവാനുള്ള ശേഷി

नये भारत की ताकत,
आत्मनिर्भर भारत

# വസുധൈവ കുടുംബകം: മാനവകുലത്തിന് സേവനം





മനുഷ്യസ്നേഹത്തിന്റെ അടിസ്ഥാനത്തിൽ മരുന്നിന് വേണ്ടി **120 രാജ്യങ്ങൾക്ക്** ഒഴിവാക്കലുകൾ അനുവദിച്ചുനൽകി

---

**'മെയ്ക്ക് ഇൻ ഇൻഡ്യ'**–യുടെ പ്രൊമോഷന് വേണ്ടി, PPE മെഡിക്കൽ കവറാളുകൾ, സർജിക്കൽ മാസ്ക്കുകൾ, മെഡിക്കൽ ഗോഗ്ഗിൾസ്, സാനിറ്റൈസേഴ്സ് എന്നിവ അനുവദിച്ചു

MAKE IN INDIA






# പ്രാദേശിക നിർമ്മാണം ആഗോള ചുവടുവയ്പ്പുകൾ



**ഭാരതത്തെ ലോക നേതൃസ്ഥാനത്തേയ്ക്ക് നയിക്കാൻ ലക്ഷ്യമിടുന്ന 24 ഉപ-വിഭാഗങ്ങൾ**

വിദഗ്ധരുമായും, വ്യവസായപങ്കാളികളുമായും കൂടിയാലോചിച്ച് കണ്ടെത്തിയത്

പ്രാദേശിക കഴിവുകളിന്മേൽ പടുത്തുയർത്താവുന്നത്

സുസാധ്യതയ്ക്കും, നവ ഇടപെടലുകൾക്കും, തൊഴിൽ സൃഷ്ടിയ്ക്കുമൊപ്പം ആഗോള കയറ്റുമതികളുടെ ഓഹരി വർദ്ധിപ്പിക്കുക

**$526 bn** — **2019-20** ൽ ആകെ കയറ്റുമതി (സേവനങ്ങളും, ചരക്കുകളും), അര ട്രില്യണിൽ അധികമായി

**$3.6 bn** — വിലമതിപ്പുള്ള സുഗന്ധവ്യഞ്ജനങ്ങൾ **2019-20** ൽ കയറ്റുമതി ചെയ്തു, എക്കാലത്തെയും ഏറ്റവും ഉയർന്ന തോതാണിത്

**100** ഗോത്ര ഉൽപ്പന്നങ്ങൾ പ്രൊമോഷനുവേണ്ടി കണ്ടെത്തി

**500 ജില്ലകൾക്കായി** കയറ്റുമതി ചെയ്യാൻ കഴിയുന്ന സവിശേഷ പ്രോഡക്ടുകൾ കണ്ടെത്തി

# പ്രാദേശിക വ്യവസായത്തിന്റെ ഗതിമാറ്റുന്ന തീരുമാനങ്ങൾ



**സ്പെഷ്യൽ എക്കണോമിക് സോൺ** (SEZ) നിയമങ്ങളും, ചട്ടങ്ങളും ഭേദഗതി ചെയ്തു

ഗുണമേന്മയില്ലാത്തതും, ഹാനികരവുമായ ഉൽപ്പന്നങ്ങൾ വിപണിയിൽ കടക്കുന്നില്ല എന്നുറപ്പാക്കാൻ – ഏകദേശം **$47 ബില്ല്യൺ** കയറ്റുമതി മൂല്യമുള്ള പ്രോഡക്ടുകളെ ലക്ഷ്യമിട്ട് **സാങ്കേതിക നിയന്ത്രണങ്ങൾ (TRs)**

**173** ഐറ്റങ്ങളുടെ കസ്റ്റംസ് ഡ്യൂട്ടി ഉയർത്തി. **44** ഐറ്റങ്ങളുടെ ഇറക്കുമതി നിരോധിച്ചു/നിയന്ത്രിച്ചു

**കാലതാമസമില്ലാതെ ആശ്വാസം നൽകാൻ കാര്യക്ഷമതയിലും, ഫലക്ഷമതയിലും മെച്ചപ്പെടുത്തൽ:** ആന്റി ഡമ്പിംഗ് ഇൻവെസ്റ്റിഗേഷനുകൾ നടത്താൻ എടുക്കുന്ന ശരാശരി സമയം 33 ദിവസങ്ങളാക്കി കുറച്ചു

അപേക്ഷകൾ സമർപ്പിക്കുന്നതിന് പ്രാദേശിക വ്യവസായത്തെ, പ്രത്യേകിച്ച് **MSME**-കളെ, സഹായിക്കാൻ ഹെൽപ്പ്ഡെസ്ക്ക്



# വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങളിൽ വ്യവസായങ്ങൾക്ക് പിന്തുണ



2019-20 കാലയളവിൽ ജമ്മു & കശ്മീർ, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും/കേന്ദ്രഭരണപ്രദേശങ്ങളിലും, സിക്കിം ഉൾപ്പെടെയുള്ള വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും സ്ഥിതിചെയ്യുന്ന **വ്യവസായ യൂണിറ്റുകൾക്ക് ബഡ്ജറ്ററി സപ്പോർട്ട് പദ്ധതിയുടെ അടി സ്ഥാനത്തിൽ ₹2,130 കോടി വിതരണം ചെയ്തു.**

**സ്പെഷ്യൽ പാക്കേജ് സ്കീമിന്റെ അടിസ്ഥാനത്തിൽ** ഹിമാലയൻ സംസ്ഥാനങ്ങൾക്ക് / കേന്ദ്ര ഭരണപ്രദേശങ്ങൾക്ക് **₹578 കോടി** വിതരണം ചെയ്തു

ജമ്മു & കശ്മീർ, ലഡാക്ക് കേന്ദ്രഭരണ പ്രദേശങ്ങൾക്കായുള്ള **പുതിയ വ്യവസായ വികസന പദ്ധതി (IDS)** 2021 മാർച്ച് 31 വരെ നീട്ടി



# ആഗോള നിർമ്മാണ ഭൂപടത്തിൽ ഭാരതത്തിന് സ്ഥാനം നൽകുന്നു

ധൊലേറാ ഇൻഡസ്ട്രിയൽ സിറ്റി, ഗുജറാത്ത്; ഷെന്ദ്ര – ബിഡ്കിൻ ഇൻഡസ്ട്രിയൽ ഏരിയ, മഹാരാഷ്ട്ര; ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ്, ഗ്രേയ്റ്റർ നോയ്ഡ, ഉത്തർപ്രദേശ്; IIT വിക്രം ഉദ്യോഗ്പുരി, മദ്ധ്യപ്രദേശ് എന്നീ 4 ഇൻഡസ്ട്രിയൽ ഏരിയകളിൽ, **ഡൽഹി–മുംബൈ ഇൻഡസ്ട്രിയൽ പ്രോജക്ടിന്റെ (DMIC) അടിസ്ഥാനത്തിൽ ഇൻഫ്രാസ്ട്രക്ചർ ജോലികൾ പൂർത്തീകരണത്തോട് അടുക്കുന്നു**

കണ്ടെയ്നർ കൈകാര്യം ചെയ്യുന്ന എല്ലാ പ്രമുഖ തുറമുഖങ്ങളിലും **ലോജിസ്റ്റിക്സ് ഡേറ്റാ ബാങ്ക് പ്രോജക്ട്** വിജയകരമായി സ്ഥാപിച്ചു

നിർമ്മാണവും, മറ്റ് വ്യവസായങ്ങളും തുടങ്ങുന്നതിന് നിക്ഷേപകരെ ആകർഷിക്കാൻ GIS സഹായത്തോടുകൂടിയ **ലാൻഡ് ബാങ്ക്** പോർട്ടൽ ലോഞ്ച് ചെയ്തു







ബഹു. പ്രധാനമന്ത്രി **ഷെന്ദ്ര ഇൻഡസ്ട്രിയൽ ഏരിയ** 2019 സെപ്റ്റംബർ 7-ന് ദേശത്തിന് സമർപ്പിച്ചു

# വാണിജ്യ ഉടമ്പടികളിൽ ഭാരതത്തെ പ്രഥമസ്ഥാനത്ത് നിർത്തുന്നു





**റീജണൽ കോംപ്രിഹെൻസീവ് എക്കണോമിക് പാർട്ണർഷിപ്പിൽ (RCEP)** ഭാരതം വിജയകരമായി അതിന്റെ സ്ഥാനം ഉറപ്പിച്ചു

**ഭാരതവും, യു.എസും** തമ്മിലുള്ള വാണിജ്യ ചർച്ചകൾ നന്നായി പുരോഗമിക്കുന്നു

ഭാരതത്തിലെ കയറ്റുമതിക്കാർക്കുമേൽ ചുമത്തിയിരിക്കുന്ന വിവിധ **നോൺ താരിഫ് തടസ്സങ്ങൾ** സംബന്ധിച്ച് തുടർച്ചയായ ഇടപെടലുകൾ നടത്തി, നമ്മുടെ കയറ്റുമതിക്കാരുടെ പാത സുഗമമാക്കുന്നു

FTA-യുടെ പുനരവലോകന പ്രക്രീയ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഭാരതം ആസിയാനുമായി (ASEAN) കരാറുണ്ടാക്കി – ഇത് ഭാരതത്തിലെ കയറ്റുമതിക്കാരെയും, മെയ്ക്ക് ഇൻ ഇൻഡ്യയെയും പ്രൊമോട്ട് ചെയ്യാൻ സഹായിക്കും

# FDI- യുടെ അന്തർപ്രവാഹം കുതിച്ചുയർന്നു




FDI (നേരിട്ടുള്ള വിദേശ നിക്ഷേപം) 20%-ന് അടുത്ത് വർദ്ധന

കോവിഡ്-19 ഉണ്ടായിരുന്നിട്ടും, കഴിഞ്ഞ വർഷം ഇതേ കാലയളവിലെ $36.1ബില്ല്യനെ അപേക്ഷിച്ച്, 2020-21ൽ FDI- യുടെ അന്തർപ്രവാഹം 11% വർദ്ധനവ് രേഖപ്പെടുത്തി $39.9 ബില്ല്യൺ നിലെത്തി

കൽക്കരി ഖനന പ്രവർത്തനങ്ങൾക്കും, കരാർ നിർമ്മാണത്തിനും 100% FDI അനുവദിച്ചു

സിംഗിൾ ബ്രാൻഡ് റീടെയിൽ ട്രേഡിംഗ് (SBRT) പ്രവർത്തനങ്ങളുടെ വഴക്കവും, അനായാസതയും

അവസരവാദപരമായ ഏറ്റെടുക്കലിൽ നിന്ന്/ കരസ്ഥമാക്കലിൽ നിന്ന് ഭാരതത്തിലെ കമ്പനികളെ സംരക്ഷിക്കാൻ FDI നയം ഭേദഗതി ചെയ്തു






# ബിസിനസ് ചെയ്യുവാനുള്ള അനായാസത വർദ്ധിപ്പിക്കുന്നു

**വേൾഡ് ബാങ്കിന്റെ ഡൂയിംഗ് ബിസിനസ് റിപ്പോർട്ട് 2020-ൽ ഏറ്റവും മികച്ച 10 മെച്ചപ്പെടുത്തലുകാർക്കിടയിൽ**

10 സൂചകങ്ങളിൽ 7ലും ഭാരതം അതിന്റെ **സ്ഥാനം മെച്ചപ്പെടുത്തി**

കഴിഞ്ഞ 3 വർഷങ്ങളിൽ **67** റാങ്കുകളുടെ മെച്ച പ്പെടുത്തലുമായി തുടർച്ചയായി 3-ാം തവണയും ഭാരതം ഏറ്റവും മികച്ച 10 മെച്ചപ്പെടുത്തലു കാർക്കിടയിൽ സ്ഥാനം നേടി




2019 വർഷത്തേയ്ക്ക് വേണ്ടിയുള്ള ബിസിനസ് റിഫോം - ആക്ഷൻ പ്ലാനിന്റെ (BRAP) നടപ്പിലാക്കലിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനങ്ങളുടെ റാങ്കിംഗ് പ്രഖ്യാപിച്ചു

ഇത് ഓരോ സംസ്ഥാനത്തും നിക്ഷേപം ആകർഷിക്കുവാനും, ആരോഗ്യപരമായ മത്സരം ശക്തമാക്കുവാനും, ബിസിനസ് ചെയ്യുന്നതിന്റെ അനായാസത വർദ്ധിപ്പിക്കുവാനും സഹായിക്കും

പെട്രോളിയം ആന്റ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) മുഖേന പേപ്പർലെസ് ലൈസൻസിംഗ് പ്രക്രിയ

സർക്കാർതല അന്വേഷണങ്ങൾക്ക് തത്തുല്ല്യമായ തേർഡ് പാർട്ടി അന്വേഷണങ്ങൾ

ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് സെൽ സ്ഥാപിക്കാനുള്ള ജോലികൾ തുടരുന്നു

ബിസിനസ് പ്രവർത്തനങ്ങൾ തുടങ്ങാൻ ആവശ്യമായ കേന്ദ്ര, സംസ്ഥാന അനുമതികൾ (ക്ലിയറൻസുകൾ) ലഭ്യമാക്കുവാൻ വൺ – സ്റ്റോപ്പ് ഡിജിറ്റൽ പ്ലാറ്റ്ഫോം

~930 ഫാറങ്ങളും, അനുമതികളും കണ്ടെത്തി

# ഗവൺമെന്റ് പ്രൊക്യുർമെന്റിൽ മെയ്ക്ക് ഇൻ ഇൻഡ്യയുടെ ഉത്തേജനം





₹ **200 കോടിക്ക്** താഴെയുള്ള പർച്ചേസുകൾക്ക് ഗ്ലോബൽ ടെൻഡർ എൻക്വയറി ആവശ്യമില്ല

---

50%-ൽ അധികം സ്വദേശ വസ്തുക്കൾ അടങ്ങിയവയുടെ സ്വദേശ സപ്ലൈയർ മാർക്ക് മുൻഗണന

---

വിവേചനാശേഷി & നിയന്ത്രണനിബന്ധനകൾ മൂലം ₹ **40,000 കോടി** മൂല്യമുള്ള ടെണ്ടറുകൾ റദ്ദാക്കി/പരിഷ്ക്കരിച്ചു





# പ്രൊക്യുർമെന്റിന് GeM -നൊപ്പം പുനർചിന്തനം


**GeM (ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലെയ്സ്)-** ചെറുകിട വ്യവസായങ്ങൾക്കും, **MSME**കൾക്കും ഒരു അനുഗ്രഹം


---

**ഒരു സുതാര്യമായ, കാര്യക്ഷമമായ, വേഗതയേറിയ** പബ്ലിക് പ്രൊക്യുർമെന്റ് സംവിധാനം

---

**ഇ-കൊമേഴ്സിൽ** നല്ല പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുന്നു




Note: Status of GeM portal as on 16 Dec 2019 and 16 Dec 2020

# ഭാരതത്തിൽ നവീകരിക്കുക







**2018-19** മായി താരതമ്യം ചെയ്യുമ്പോൾ, **2019-20** ൽ പേറ്റന്റുകൾ അനുവദിച്ചു നൽകുന്നിൽ **63% വർദ്ധനവുായി**

---

**ചെറുകിട സ്ഥാപനങ്ങൾക്ക് / MSME**-കൾക്ക് പേറ്റന്റ് അപേക്ഷയുടെ പ്രോസസിംഗ് ഫീസ് കുറച്ചു

---

പേറ്റന്റ് അപേക്ഷകൾ പരിശോധിക്കുവാനുള്ള സമയം 2019 മെയിൽ ഉണ്ടായിരുന്ന **36-52 മാസങ്ങളിൽ** നിന്നും 2020 ഡിസംബറിൽ 10-26 മാസങ്ങളായി കുറഞ്ഞു

---

ആഗോള നവീകരണ സൂചികയിൽ, 2015- ലെ 81-ാം സ്ഥാനത്തു നിന്നും 2020-ൽ **48-ാം സ്ഥാനത്തേയ്ക്ക്** ഭാരതം കുതിച്ചുയർന്നു

---

**26 പുതിയ ഇൻഡ്യൻ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ** (GI) ജി.ഐ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തു (2019 മെയ് 1 മുതൽ 2020 ഡിസംബർ 24 വരെ)



# ഭാരതത്തിലെ സ്റ്റാർട്ട്അപ്പുകൾക്ക് ചിറകുകൾ നൽകുന്നു

**37,000**-ൽ അധികം **സ്റ്റാർട്ട്അപ്പുകൾ** അംഗീകരിച്ചു. 2019 മെയ് മുതൽ 50%ൽ അധികം അംഗീകരിച്ചു.

---

ഒരു സുശക്തമായ സ്റ്റാർട്ട്അപ്പ് ഇക്കോസിസ്റ്റം വളർത്തുന്നതിന് ദേശീയ സ്റ്റാർട്ട്അപ്പ് ഉപദേശക സമിതി രൂപീകരിച്ചു

---

**ആദ്യമായി ദേശീയ സ്റ്റാർട്ട്അപ്പ് അവാർഡുകൾ 35 വിഭാഗങ്ങളിൽ നിന്നായി 1,641 സ്റ്റാർട്ട്അപ്പുകൾ പങ്കെടുത്തു**

---

ഫയലിംഗ് ഫീസിൽ 4,905 പേറ്റന്റ് അപേക്ഷകൾക്ക് 80% റിബേറ്റ് അനുവദിച്ചുനൽകി & 12,264 ട്രേഡ് മാർക്ക് അപേക്ഷകൾക്ക് 50% റിബേറ്റ് അനുവദിച്ചു നൽകി.






രാജ്യമൊട്ടാകെ സ്റ്റാർട്ട്അപ്സ് ഇക്കോസിസ്റ്റം മെച്ചപ്പെടുത്തുന്നതിന് സ്റ്റാർട്ട്അപ്പ് ഇക്കോസിസ്റ്റങ്ങൾക്ക് നൽകിയ പിന്തുണ കണക്കിലെടുത്ത് സംസ്ഥാനങ്ങൾക്ക് റാങ്കിങ്ങിന്റെ രണ്ടാം എഡിഷൻ

---

**സ്റ്റാർട്ട്അപ്പുകൾക്ക് വളർച്ചയൊരുക്കാൻ 39 കാര്യനിർവഹണ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി**

---

വരുമാന നികുതി നിയമത്തിന്റെ വകുപ്പ് 54 ജിബി പ്രകാരം മൂലധന നേട്ടങ്ങൾക്ക് നികുതി ഒഴിവാക്കലിന് വ്യവസ്ഥ

---

ഐ.ടി നിയമത്തിന്റെ 80 ഐ.എ.സി വകുപ്പ് പ്രകാരം 3 വർഷത്തെ വരുമാന നികുതി അവധിയും, 79-ാം വകുപ്പ് പ്രകാരം യോഗ്യതയുള്ള നഷ്ടങ്ങൾ പുതിയ അക്കൗണ്ടിലേയ്ക്ക് (കാരിഫോർവേർഡ്) മാറ്റുവാൻ അവസരവും

---

യോഗ്യതയുള്ള സ്റ്റാർട്ട്അപ്പുകൾക്ക് വരുമാന മാനദണ്ഡം ₹100 കോടിയാക്കി ഉയർത്തി

---

**2020 ആഗസ്റ്റ് വരെ, 296 സ്റ്റാർട്ട്അപ്പുകൾക്ക് വരുമാന നികുതി നിയമത്തിന്റെ ആനുകൂല്യം നൽകി**

# e- ഗവേർണൻസിനൊപ്പം വാണിജ്യം സുസാധ്യമാക്കുന്നു



എല്ലാ **കയറ്റുമതി പ്രൊമോഷൻ സ്കീമുകളും,** അതായത് അഡ്വാൻസ്, ഇ.പി.സി.ജി, എം.ഇ.ഐ. എസ് ഓൺലൈനായി പ്രവർത്തനസജ്ജമാക്കി

സ്റ്റീൽ ഇറക്കുമതി നിരീക്ഷണ സംവിധാനത്തിന് (SIMS) വേണ്ടി **ഓൺലൈൻ ഇന്റർ മിനിസ്റ്റീരിയൽ കൺസൾട്ടേഷൻ** മോഡ്യൂൾ നടപ്പിലാക്കി

അസ്സൽ ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകാൻ **ഇലക്ട്രോണിക് പ്ലാറ്റ്ഫോം (eCOO)** സജ്ജമാക്കി. **2 ലക്ഷത്തിലധികം COO -കൾ അനുവദിച്ചുനൽകി.**

അലുമിനിയം, ചെമ്പ്, പാദരക്ഷകൾ, ഫർണിച്ചർ, പേപ്പർ, സ്പോർട്സ് സാധനങ്ങൾ, ജിം ഉപകരണങ്ങൾ മുതലായവയ്ക്ക് ഇറക്കുമതി നിരീക്ഷണ സംവിധാനം (IMS) വികസിപ്പിക്കുന്നു



# ഭാരതത്തിലെ ഡിസൈനിന് വേണ്ടി കഴിവ് വളർത്തുന്നു

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (ഭേദഗതി) ബിൽ**, 2019, പാർലമെന്റ് പാസാക്കി

ആന്ധ്രാപ്രദേശ്, അസം, ഹരിയാന, മധ്യപ്രദേശ് എന്നിവിടങ്ങളിലെ **4 പുതിയ നാഷണൽ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് (NIDs)** 'ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ' എന്ന പദവി നൽകി

ഡിസൈൻ സംബന്ധമായ മേഖലകളിലെ വിദ്യാഭ്യാസത്തിനും, പരിശീലനത്തിനും കാട്ടുന്ന **മികവിന് പ്രോത്സാഹനം**

